No. CEE/5500/2017/KEAM-2018/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM-2018

# ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, അഗ്രികൾച്ചർ, ഫോറസ്ട്രി എന്നീ കോഴ്സുകളിലേയ്ക്കുള്ള സ്പോട്ട് അലോട്ട്മെന്റ് ഓൺലൈൻ ഓപ്ഷൻ സമർപ്പണം നിർബന്ധമാണ്

2018-ലെ ആയുർവേദ (ബി.എ.എം.എസ്), ഹോമിയോപ്പതി (ബി.എച്ച്.എം.എസ്), സിദ്ധ (ബി.എസ്.എം.എസ്) എന്നീ മെഡിക്കൽ കോഴ്സുകളിലെയും, അഗ്രികൾച്ചർ, ഫോറസ്ട്രി എന്നീ മെഡിക്കൽ അനുബന്ധ കോഴ്സുകളിലെയും ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായുള്ള സ്പോട്ട് അലോട്ട്മെന്റ് **2018 ഒക്ടോബർ 26 (വെള്ളിയാഴ്ച) രാവിലെ 10 മണിയ്ക്ക് തിരുവനന്തപുരം, പാളയം എൽ.എം.എസ് കോമ്പൗണ്ടിലെ റ്റി.ജെ.എം ഹാളിൽ** വച്ച് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്. പ്രസ്തുത സ്പോട്ട് അലോട്ട്മെന്റിൽ പുതുതായി പ്രവേശനാനുമതി ലഭിച്ചിട്ടുള്ള Ashtamgam Ayurveda Chikilsalayam and Vidhyapeedham, Palakkad എന്ന സ്വകാര്യ സ്വാശ്രയ ആയുർവേദ മെഡിക്കൽ കോളേജിൽ ലഭ്യമായ 85% സർക്കാർ സീറ്റുകളിലേയ്ക്ക് കൂടി അലോട്ട്മെന്റ് നടത്തുന്നതാണ്. സ്പോട്ട് അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **2018 ഒക്ടോബർ 27, 29** തീയതികളിലായി അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ വിദ്യാർത്ഥികൾ പ്രവേശനം നേടാതെ വീണ്ടും ഒഴിവുകൾ ഉണ്ടാകുന്ന പക്ഷം പ്രസ്തുത ഒഴിവുകൾ അതത് കോളേജ് അധികാരികൾ 31.10.2018-ന് സ്പോട്ട് അഡ്മിഷൻ മുഖേന നികത്തുന്നതാണ്.

## സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ ഓൺലൈൻ ഓപ്ഷൻ സമർപ്പണം നിർബന്ധമാണ്

പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2018-Candidate Portal'** എന്ന ലിങ്ക് വഴി ലോഗ്-ഇൻ ചെയ്ത് **'Option Registration for Spot Allotment'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഓപ്ഷനുകൾ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം **23.10.2018** മുതൽ **26.10.2018 രാവിലെ 8 മണി** വരെ ലഭ്യമാകുന്നതാണ്. ഇതോടൊപ്പം ഒരു **'സ്പോട്ട് അലോട്ട്മെന്റ് സ്ലിപ്പ്'** വെബ്പേജിൽ നിന്ന് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. സ്പോട്ട് അലോട്ട്മെന്റിൽ ആയുർവേദ/ഹോമിയോ/സിദ്ധ/അഗ്രികൾച്ചർ/ഫോറസ്ട്രി കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റ് വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിക്കുന്ന ഓപ്ഷനുകളുടെ മുൻഗണനാ ക്രമത്തിലും അവരുടെ അർഹതയ്ക്ക് അനുസരിച്ചും സ്പോട്ട് അലോട്ട്മെന്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടും ആയിരിക്കും. **ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിച്ച ശേഷം സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്നതിനായി 2018 ഒക്ടോബർ 26-ന് രാവിലെ 10 മണിയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളുടെ മാത്രം ഓപ്ഷനുകൾ പരിഗണിച്ചുകൊണ്ട് അലോട്ട്മെന്റ് നടത്തുന്നതാണ്. സമർപ്പിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം നേരത്തെ ഉണ്ടായിരുന്ന അലോട്ട്മെന്റ്/അഡ്മിഷൻ സ്വാഭാവികമായും റദ്ദാകുന്നതാണ്. ആയതിനാൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്നതും പ്രവേശനം ലഭിച്ചാൽ പഠനം തുടരും എന്ന് ഉറപ്പുള്ളതുമായ കോളേജുകൾക്കും കോഴ്സുകൾക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്**. കൂടാതെ സ്പോട്ട് അലോട്ട്മെന്റ് വേളയിൽ പുതുതായി ഒഴിവുകൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ താത്പര്യമുള്ള കോഴ്സിലേയ്ക്ക്/കോളേജിലേയ്ക്ക് നേരത്തെ തന്നെ ഓപ്ഷനുകൾ സമർപ്പിക്കുന്നതിന് വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്. 26.10.2018 രാവിലെ 8 മണിയ്ക്ക് ശേഷം ഓപ്ഷനുകളിൽ മാറ്റം വരുത്താൻ അനുവദിക്കുന്നതല്ല. വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ച **ഓപ്ഷൻ ലിസ്റ്റിന്റെ പ്രിന്റൗട്ടും, സ്പോട്ട് അലോട്ട്മെന്റ് സ്ലിപ്പുമായി** വേണം സ്പോട്ട് അലോട്ട്മെന്റിന് ഹാജരാകേണ്ടത്. ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളെ സ്പോട്ട് അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല.

## സ്പോട്ട് അലോട്ട്മെന്റ് ഷെഡ്യൂൾ:

| | |
|---|---|
| ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യവും സ്പോട്ട് അലോട്ട്മെന്റ് സ്ലിപ്പും ലഭ്യമാകുന്നത് | 23.10.2018 മുതൽ 26.10.2018 രാവിലെ 8 മണി വരെ |
| സ്പോട്ട് അലോട്ട്മെന്റിന് ഹാജരാകേണ്ട സമയം | 26.10.2018 രാവിലെ 10 മണി |

**സ്പോട്ട് അലോട്ട്മെന്റ് സംബന്ധിച്ച വ്യവസ്ഥകൾ**

പ്രോസ്പെക്ടസ് ക്ലോസ് 11.6.9–ന് അനുസൃതമായി നടത്തുന്ന സ്പോട്ട് അലോട്ട്മെന്റിന് താഴെപ്പറയുന്ന വ്യവസ്ഥകൾ ബാധകമായിരിക്കും.

(i) പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള മെഡിക്കൽ/ആയുർവേദ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ളതും ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിച്ചിട്ടുള്ളതുമായ വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്.

(ii) സ്പോട്ട് അലോട്ട്മെന്റ് ഓരോ കോളേജിലും ഒഴിവുള്ള/ഒഴിവു വരുന്ന സീറ്റുകളിലേയ്ക്കാണ് നടത്തുന്നത്.

(iii) ഒരേ കോഴ്സിന് ഒരു സർക്കാർ/ എയ്ഡഡ് കോളേജിൽ നിന്ന് മറ്റൊരു സർക്കാർ/ എയ്ഡഡ് കോളേജിലേയ്ക്കോ, ഒരു സ്വാശ്രയ കോളേജിൽ നിന്നും മറ്റൊരു സ്വാശ്രയ കോളേജിലേയ്ക്കോ സ്പോട്ട് അലോട്ട്മെന്റിന്റെ ഒരു ഘട്ടത്തിലും മാറ്റം അനുവദിക്കുന്നതല്ല.

(iv) ഒരു കോഴ്സിൽ നിന്നും മറ്റൊരു കോഴ്സിലേയ്ക്കോ, ഒരേ കോഴ്സിൽ തന്നെ സ്വാശ്രയ കോളേജിൽ നിന്നും സർക്കാർ/ എയ്ഡഡ് കോളേജിലേയ്ക്കോ മറിച്ചോ മാറ്റം അനുവദിക്കുന്നതാണ്.

(v) നിലവിൽ മേൽപ്പറഞ്ഞ കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിലൂടെ പുതുതായി അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ അവർ ഒഴിവാകുന്ന സീറ്റുകളും അപ്പപ്പോൾ തന്നെ നികത്തുന്നതാണ്.

(vi) സ്പോട്ട് അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ താഴെപ്പറയുന്ന ഫീസ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി അപ്പോൾ തന്നെ ഒടുക്കേണ്ടതാണ്.

a) **സർക്കാർ/എയ്ഡഡ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ – Rs.2,087/-**
b) **സർക്കാർ/എയ്ഡഡ് ആയുർവേദ മെഡിക്കൽ കോളേജുകൾ – Rs.12,000/-**
c) **സ്വകാര്യ സ്വാശ്രയ ആയുർവേദ മെഡിക്കൽ കോളേജുകൾ – Rs.1,00,000/-**
d) **സ്വകാര്യ സ്വാശ്രയ സിദ്ധ മെഡിക്കൽ കോളേജ് – Rs.1,00,000/-**
e) **കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിക്കു കീഴിലുള്ള അഗ്രികൾച്ചർ, ഫോറസ്ട്രി കോഴ്സുകൾ – Rs.7,500/-**

**ബാക്കി ഫീസ് അടയ്ക്കേണ്ടതുണ്ടെങ്കിൽ അത് പ്രവേശന സമയത്ത് കോളേജിൽ ഒടുക്കേണ്ടതാണ്.**

**കുറിപ്പ്:** പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി/രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും **1,000/- രൂപ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി അപ്പോൾ തന്നെ ഒടുക്കേണ്ടതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്:**

**1) ഇപ്പോൾ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റ് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം KEAM 2018 പ്രോസ്പെക്ടസ് ക്ലോസ് 12.2.4 (a) (iii) പ്രകാരം എം.ബി.ബി.എസ് കോഴ്സിൽ നിന്നും വിടുതൽ നേടുന്നതിന് 10 ലക്ഷം രൂപയും ബി.ഡി.എസ് കോഴ്സിൽ നിന്നും വിടുതൽ നേടുന്നതിന് 5 ലക്ഷം രൂപയും ലിക്വിഡേറ്റഡ് ഡാമേജസായി ഒടുക്കിയതിനു ശേഷമേ പുതിയ അലോട്ട്മെന്റ് സ്വീകരിക്കാൻ കഴിയൂ. കൂടാതെ ഇവരെ രണ്ട് വർഷത്തിലധികമല്ലാത്ത കാലയളവിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയിൽ നിന്നും/അലോട്ട്മെന്റുകളിൽ നിന്നും വിലക്കുന്നതാണ്.**

**2) ഇപ്പോൾ എഞ്ചിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റ് മെഡിക്കൽ/ അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 (a) (i) പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കേണ്ടതില്ല. എന്നാൽ അടച്ച ഫീസ് തിരികെ ലഭിക്കാൻ ഇവർക്ക് അർഹതയില്ല.**

**3) പ്രവേശനം അവസാനിപ്പിച്ച മറ്റ് കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം KEAM 2018 പ്രോസ്പെക്ടസ് ക്ലോസ് 12.2.4 (a) (i) പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് ബാധകമായിരിക്കും.**

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2332123, 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
23.10.2018

Santhosh Kumar

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**